"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തൃശ്ശൂർ - നാട്ടിക ഗ്രാമപഞ്ചായത്തിലെ വാർഡ്-7ൽ പെൻഷൻ ഗുണഭോക്താക്കൾ അനർഹമായി പെൻഷൻ കൈപ്പറ്റുന്നു എന്നുള്ള പരാതിയിന്മേലുള്ള കമ്മറ്റി തീരുമാനം റദ്ദ് ചെയ്യുന്നത് സംബന്ധിച്ച് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ഓംബുഡ്സ്മാന് റഫർ ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (എഫ്. എം.) വകുപ്പ്

സ.ഉ.(സാധാ) നം.3159/2022/LSGD തീയതി,തിരുവനന്തപുരം, 21-12-2022

---

പരാമർശം:-

1. തൃശ്ശൂർ നാട്ടിക ഗ്രാമ പഞ്ചായത്തിന്റെ 30.3.22.22 ലെ 26/1 നമ്പർ തീരുമാനം
2. തൃശ്ശൂർ നാട്ടിക ഗ്രാമ പഞ്ചായത്തിന്റെ 11.8.22 ലെ 1/1 നമ്പർ തീരുമാനം
3. തൃശ്ശൂർ നാട്ടിക ഗ്രാമ പഞ്ചായത്തിന്റെ 30.08.2022 -ലെ 7/1നമ്പർ തീരുമാനം
4. തൃശ്ശൂർ നാട്ടിക ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 31.08.2022 തീയതിയിലെ jc4/588/2022 നമ്പർ കത്ത്.
5. 30-9-22 ലെ 190/fm3/2022/lsgd നമ്പർ സർക്കാർ കത്ത്
6. പഞ്ചായത്ത് ഡയറക്ടറുടെ 18/10/2022 തീയതിയിലെ PAN/14397/2022-CI(DP) നമ്പർ കത്ത്.

ഉത്തരവ്

തൃശ്ശൂർ ജില്ലാ പഞ്ചായത്തിലെ നാട്ടിക ഗ്രാമപഞ്ചായത്ത് വാർഡ്-7ൽ പെൻഷൻ ഗുണഭോക്താക്കൾ അനർഹമായി പെൻഷൻ കൈപ്പറ്റുന്നു എന്നുള്ള പരാതിയിന്മേൽ അന്വേഷണം നടത്തിയപ്പോൾ വീട്ടിൽ എ.സി ഉള്ളതിനാൽ ശ്രീ.അണ്ടേഴത്ത് സൽഗുണൻ എന്നയാൾക്ക് പെൻഷൻ നൽകിക്കൊണ്ടിരിക്കുന്നത് റദ്ദ് ചെയ്യാൻ 30-3-22 ലെ പഞ്ചായത്ത് കമ്മിറ്റി പരാമർശം(1) പ്രകാരം തീരുമാനിച്ചു. തുടർന്ന് 11-8-22 ലെ പരാമർശം (2) യോഗതീരുമാന പ്രകാരം പെൻഷൻ റദ്ദാക്കേണ്ടതില്ലെന്നും നിലവിൽ പെൻഷൻ നൽകിക്കൊണ്ടിരിക്കുന്നവർക്കെല്ലാം പെൻഷൻ നിലനിർത്താമെന്നും തീരുമാനിച്ചു. ഈ തീരുമാനം പുനപരിശോധിക്കാൻ സെക്രട്ടറി ആവശ്യപ്പെട്ടതിനെ തുടർന്ന് 30-8-22 ലെ യോഗത്തിൽ ഈ വിഷയം വീണ്ടും ചർച്ച ചെയ്യുകയും പരാമർശം(3) പ്രകാരം 11-8-22 ലെ യോഗതീരുമാനം ശരി വയ്ക്കുകയും ചെയ്തു.

2. ഈ തീരുമാനം ധനവകുപ്പിന്റെ 05/11/2020 തീയതിയിലെ 67/2020/ധന, 2/8/2021 തീയതിയിലെ 63/2021/ധന നമ്പർ സർക്കുലറുകൾക്ക് വിരുദ്ധമായതിനാലും, അന്വേഷണ ഉദ്യോഗസ്ഥരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് അനർഹരായ ഗുണഭോക്താക്കളുടെ പെൻഷൻ റദ്ദ്

ചെയ്യുന്നതിന് സെക്രട്ടറി തീരുമാനിച്ചിട്ടുള്ളതെന്നതിനാലും 30-8-22 ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനം നിയമാനുസൃതമല്ലെന്നും കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 182(3) പ്രകാരമുള്ള അനന്തര നടപടികൾ സ്വീകരിക്കണമെന്നും നാട്ടിക ഗ്രാമ പഞ്ചായത്ത് സെക്രട്ടറി പരാമർശം(4) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

3. നാട്ടിക ഗ്രാമപഞ്ചായത്തിന്റെ പരാമർശം(1) തീരുമാനം കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 191(4) പ്രകാരം തൽക്കാലത്തേക്ക് നിർത്തി വയ്ക്കാൻ പഞ്ചായത്ത് ഡയറക്ടർക്ക് പരാമർശം(5) പ്രകാരം സർക്കാർ നിർദ്ദേശം നല്കിയിരുന്നു. തുടർന്ന് പഞ്ചായത്ത് സെക്രട്ടറിയുടെ അഭിപ്രായം ശരിവച്ചുകൊണ്ടു പഞ്ചായത്ത് ഡയറക്ടറും പരാമർശം(6) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. നാട്ടിക ഗ്രാമ പഞ്ചായത്തിന്റെ പരാമർശം(2), (3) തീരുമാനങ്ങൾ സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണെന്നതിനാൽ ആയവ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 191(1) പ്രകാരം റദ്ദാക്കുന്നതിനു മുൻപായി കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 191(2) പ്രകാരം ഈ വിഷയം ത.സ്വ.ഭ സ്ഥാപനങ്ങൾക്കുള്ള ഓംബുഡ്സ്മാന് റഫർ ചെയ്തു കൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHERLI P
സ്പെഷ്യൽ സെക്രട്ടറി

ബഹു .തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ഓംബുഡ്സ്മാൻ, സാഫല്യം കോംപ്ലക്സ്, മൂന്നാം നില, യൂണിവേഴ്സിറ്റി പി.ഒ., പാളയം, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, മലപ്പുറം ജില്ലാ പഞ്ചായത്ത്.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ഡയറക്ടർ, വിവര-പൊതുജനസമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by Sheeba
Beegom.a.m
Date: 21-12-2022 14:57:45
സെക്ഷൻ ഓഫീസർ